IX. നിയമനിർമ്മാണ കാര്യം

(1) സബ്ജറ്റ് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 1985-ലെ കേരള സംസ്ഥാന സഹകരണ കാർഷിക വികസന ബാങ്ക് (ഭേദഗതി) ബിൽ

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം): Sir, I move that the Kerala State Co-operative Agricultural Development Banks (Amendment) Bill, 1985, as reported by the Subject Committee, may be taken into consideration.

ഡിസന്റിംഗ് നോട്ട്

The amendment sought for in the amended Act 20 of 1984 requires only an erratum notification in the official Gazette under the provisions of the General Clauses Act or the Interpretation of Statutes Act.

2. We are of the firm opinion that there is no need of an Amendment Bill which involves waste of precious time of the House.

1. S. R. Thankaraj (Sd.)
2. R. S. Unni (Sd.)
3. A. K. Padmanabhan (Sd.)
4. K. T. Kumaran (Sd.)

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1985-ലെ കേരള സംസ്ഥാന സഹകരണ കാർഷിക വികസന ബാങ്ക് (ഭേദഗതി ബിൽ) പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും.

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം): ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

വകുപ്പു തിരിച്ചുള്ള പരിഗണന.

രണ്ടാം വകുപ്പ് — ഭേദഗതി ഇല്ല.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കിയിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും — ഭേദഗതി ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം വോട്ടിനിട്ട് സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കിയിരിക്കുന്നു.

മൂന്നാം വായന

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം) : Sir, I move that the Bill may be finally passed.

പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

പ്രമേയം സഭ അംഗീകരിച്ചു, ബിൽ പാസ്സായിരിക്കുന്നു.

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 1984-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി ബിൽ

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1984-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമ നിധി ബില്ല് പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഇൻഡ്യാ രാജ്യത്തിലെ ബസ്സ് തൊഴിലാളികൾ, ലോറി തൊഴിലാളികൾ, ടാക്സി തൊഴിലാളികൾ, ആട്ടോറിക്ഷ തൊഴിലാളികൾ, ടെമ്പോ വാൻ തൊഴിലാളികൾ തുടങ്ങി സാധനങ്ങൾ കൊണ്ടുവരുകയും ആളുകളെ കയറ്റുകയും ഇറക്കുകയും ചെയ്യുന്ന വാഹനങ്ങളിൽ 1,60,000 -ത്തോളം വരുന്ന തൊഴിലാളികൾ ജോലി ചെയ്യുന്നു എന്നാണ് കണക്കാക്കിട്ടുള്ളത്. ഫ്ളീറ്റ് ഓണേഴ്സിന് പ്രോവിഡന്റ് ഫണ്ടിന്റെ പരിധിയിൽ വരുന്ന സംരക്ഷണമുണ്ടെങ്കിലും മഹാഭൂരിപക്ഷംവരും ആളുകൾക്കും യാതൊരുവിധ സംരക്ഷണവുമില്ല. അവർക്ക് സംരക്ഷണം നൽകുന്നതിനും അവർക്ക് റിട്ടയർമെന്റ് ബെനിഫിറ്റും മറ്റ് ക്ഷേമ സൗകര്യങ്ങളും നൽകുന്നതിനുംവേണ്ടി കൊണ്ടുവരപ്പെട്ടിട്ടുള്ള ഒരു നിയമമാണിത്. ഈ നിയമം അനുസരിച്ച് തൊഴിലുടമ തൊഴിലാളിയുടെ വേജസിന്റെ എട്ട് ശതമാനവും തൊഴിലാളി തുല്ല്യ സംഖ്യയും അടയ്ക്കണം. അതുപോലെ തന്നെ ഗ്രാറ്റുവിറ്റിയുടെ അഞ്ച് ശതമാനവും കൂടി അടയ്ക്കണം. അങ്ങനെ വരുന്ന തുക അവരുടെ റിട്ടയർമെന്റ് ക്ഷേമനിധിയ്ക്കായിട്ട് ഉപയോഗിക്കും. അങ്ങനെ ഒരാൾ റിട്ടയർ ചെയ്യുമ്പോൾ നല്ലൊരു തുക റിട്ടയർമെന്റ് ബെനിഫിറ്റായി കിട്ടുമെന്നുള്ളതിനു പുറമെ മറ്റ് പല പ്രയോജനങ്ങളും കൂടി ഉദ്ദേശിക്കുന്നുണ്ട്. അവരുടെ ജോലിയുടെ സ്ഥിര സ്വഭാവത്തെ സംബന്ധിച്ചിടത്തോളം അനിശ്ചിതത്വം ഉണ്ടെന്ന് ആ രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ യൂണിയനുകളും തൊഴിലാളികളും പരാതിപ്പെടാറുണ്ട്. ഈ ക്ഷേമനിധി നടപ്പിലാക്കുന്നതോടുകൂടി ഈ മേഖലയിലുള്ള ഒന്നേകാൽ ലക്ഷത്തോളം വരുന്ന തൊഴിലാളികൾക്ക് സേവന സ്ഥിരത ലഭിക്കുമെന്നും അവർക്ക് ശരിയായ രീതിയിലുള്ള സേവന വേതന വ്യവസ്ഥ ഉണ്ടാകുമെന്നും അവർക്ക് നല്ലൊരു തുക റിട്ടയർമെന്റ് ബെനിഫിറ്റായി കിട്ടുമെന്നും, ക്ഷേമനിധിയുടെ എല്ലാ സൗകര്യങ്ങളും

LIBRARY ARCHIVES Kerala Legislative Assembly